## ഏലിയാ-സ്ലീവാക്കാലം ഒന്നാം ഞായർ

**ലൂക്കാ 18:35-43**

# പ്രത്യാശയുടെ നിലവിളി

**റവ.ഡോ. ആൻസൻ പാണേങ്ങാടൻ സിഎംഐ**

മൂന്ന് കുട്ടികളുള്ള ആ ഭിക്ഷക്കാരി വിധവയാണ്. ഒരു ദിവസം അവളൊരു തീരുമാനമെടുത്തു. തന്റെ സമ്പാദ്യം വീതം വച്ചു നല്കുക. അമ്മ മൂന്ന് മക്കളെയും അരികിലേക്ക് വിളിച്ചു. പാലാ ടൗണിലെ കുരിശടിയാണ് വീതംവയ്പ്പിന്റെ സാക്ഷി. മക്കൾക്കായി വീതം നല്കാൻ ഒന്നുമില്ലെന്നറിഞ്ഞ ആ അമ്മ വിതുമ്പി. ഒന്നാമത്തെ കുഞ്ഞിനോട് പറഞ്ഞു: നിന്റെ വീതം കുരിശുപള്ളിക്കവലയിൽ നിന്ന് വലത്തോട്ടു കിടക്കുന്ന വഴി. രണ്ടാമത്തെ കുഞ്ഞിനോട് പറഞ്ഞു: നിന്റെ ഇടത്തേക്ക് കിടക്കുന്ന വഴി. മൂന്നാമത്തെ കുട്ടിക്ക് നേരെ മുൻപോട്ടു പോകുന്ന നിരത്ത്. എന്നിട്ട് അവൾ പറഞ്ഞു: ഈ റോഡുകളിൽ നിങ്ങൾ ഭിക്ഷ തെണ്ടി ജീവിച്ചുകൊള്ളുക. ഞാൻ നിങ്ങളെ ഇത്രയുംനാൾ തീറ്റിപ്പോറ്റിയതിങ്ങനെയാണ്. തീർന്നില്ല വീതംവയ്പ്പിന്റെ ഭാഗമായി attestation നടന്നു. "ഇത്രയുംനാൾ നമ്മെ കാത്ത ദൈവം ഇനിയും നിങ്ങളെ കാത്തുകൊള്ളും." ഇന്നത്തെ വേദഗ്രന്ഥഭാഗത്തിലും ഒരു ഭിക്ഷക്കാരനെ കാണുന്നുണ്ട്. ജനക്കൂട്ടത്തിന്റെ ആരവങ്ങളിൽ നിന്ന് നസ്രായനായ യേശു കടന്നുപോകുന്നു എന്നറിഞ്ഞ് 'ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയണമേ' എന്ന് ഉച്ചത്തിൽ നിലവിളിച്ച അന്ധൻ കോവിഡ് കാലഘട്ടത്തിൽ ഒരു പാഠപുസ്തകമാണ്. രക്ഷ തേടിയുള്ള പ്രത്യാശയുടെ നിലവിളിയുടെ പാഠപുസ്തകം.

1. **മനുഷ്യന് ദൈവത്തെ വിളിക്കാൻ തകർച്ചകൾ വേണോ?**

ജോബിന്റെ പുസ്തകം ഒന്നാം അധ്യായം ഏഴ് മുതലുള്ള തിരുവചനങ്ങളിൽ 'ഞാൻ ഭൂമിയിലാകെ ചുറ്റിസഞ്ചരിച്ചിട്ട് വരികയാണ്' എന്നു പറയുന്ന സാത്താനോട് കർത്താവ് പറയുന്നുണ്ട്: "എന്റെ ദാസനായ ജോബിനെ നീ ശ്രദ്ധിച്ചോ? അവനെപ്പോലെ സത്യസന്ധനും നിഷ്ക്കളങ്കനും ദൈവത്തെ ഭയപ്പെടുന്നവനും തിന്മയിൽ നിന്നകന്നു ജീവിക്കുന്നവനുമായി ഭൂമുഖത്ത് ആരെങ്കിലുമുണ്ടോ?" തിരിച്ച് സാത്താൻ കർത്താവിനോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്: "ജോബ് ദൈവത്തെ ഭയപ്പെടുന്നത് വെറുതെയാണോ? അങ്ങ് അവനും അവന്റെ ഭവനത്തിനും സമ്പത്തിനും ചുറ്റും വേലികെട്ടി സുരക്ഷിതത്വം നല്കി. അവന്റെ സമ്പത്തിൽ കൈവച്ചാൽ അവൻ അങ്ങയെ ദുഷിക്കുന്നത് കാണാം." അന്ധതയായിരിക്കണം അന്ധനെ ദൈവത്തിലേയ്ക്കടുപ്പിച്ചത്. പക്ഷേ അന്ധൻ വ്യത്യസ്തനാകുന്നത് ശാരീരിക അന്ധതയ്ക്കിടയിലും യഥാർത്ഥ പ്രകാശമായ യേശുവിനെ തിരിച്ചറിഞ്ഞു, രക്ഷിക്കുന്നതിനായി നിലവിളിച്ചു എന്നുള്ളതിലാണ്. നിന്റെ അനുദിന ജീവിതബലിയിലും ദൈവാലയ ശുശ്രൂഷകളിലും സന്ധ്യാപ്രാർത്ഥനകളിലും കുടുംബജീവിത സമസ്യകൾക്കു മധ്യേയും ജോലിസ്ഥലങ്ങളിലും ദൈവവും ദൈവത്തിന്റെ മുഖം പേറുന്നവരും കടന്നുപോകുന്നുണ്ട്. അവരെ തിരിച്ചറിയുക; രക്ഷിക്കാനുള്ള, രക്ഷകരാകാനുള്ള നിലവിളികളോട് പ്രത്യുത്തരിക്കുക.

2. **മനുഷ്യന്റെ കാഴ്ചയും ദൈവത്തിന്റെ കാഴ്ചയും**

മനുഷ്യർ അല്ലെങ്കിൽ ജനക്കൂട്ടം അവനെ കാണുന്നത് ശല്യമായാണ്. അതുകൊണ്ടുതന്നെ അവർ ശകാരിക്കുന്നുമുണ്ട്. പക്ഷേ ദൈവത്തിന്റെ കാഴ്ച അവന്റെ വിശ്വാസമുള്ള കണ്ണുകളിലേക്ക് ആഴ്ന്നിറങ്ങുന്നു. ആൾക്കൂട്ടത്തിന്റെ ആരവമല്ല വ്യക്തിപരമായ ഉൾക്കാഴ്ചയാണ് രക്ഷയ്ക്കാവശ്യമെന്നതിന്റെ സൂചനയാണിത്. നാമൊക്കെ ഒരു പരിധി വരെ ആൾക്കൂട്ടത്തിന്റെ ആരവങ്ങളിൽ തങ്ങിനിൽക്കുന്നു എന്നുള്ളതാണ് അത്യാധുനികയുഗത്തിന്റെ ശാപം. നൂറുപേർ ഒരുമിച്ച് അത്യുച്ചത്തിൽ വിളിച്ചുപറയുന്ന നുണകളാണ് സത്യമെന്ന ചിത്രമായി പൊതുസമൂഹത്തിന് ഇന്ന് സമ്മാനിക്കുന്നത്. അതിനിടയിൽ ഒറ്റപ്പെടുന്ന പ്രവാചകസ്വരങ്ങൾ തിരിച്ചറിയപ്പെടാതെ പോകുന്നു, തെറ്റുധരിക്കപ്പെടുന്നു. കർത്താവിന്റെ അടുത്തെത്തുന്നതിൽ നിന്ന് കുട്ടികളെ തടഞ്ഞ ശിഷ്യരും ഈ സദാചാര പോലീസിന്റെ ഭാഗമാണ്. മനുഷ്യരുടെ കാഴ്ചകളിലും തെറ്റുധരിപ്പിക്കുന്ന

മായികപ്രപഞ്ചത്തിലും ഒതുങ്ങിക്കൂടാതെ ഹൃദയങ്ങളെ അറിയുന്ന, സത്യത്തെ അറിയുന്ന, ദൈവത്തിന്റെ കാഴ്ചപ്പാടുകളിലേക്ക് വളരുക. ഓർക്കുക "തെറ്റുധാരണകൾ എല്ലാം ശരിയാണെന്നുള്ള ധാരണയാണ് ഏറ്റവും വലിയ തെറ്റുധാരണ."

ക്രിസ്തുവിന്റെ ജീവിതത്തെ രണ്ടായി വേർതിരിക്കുന്ന പണ്ഡിതപ്രമുഖരുണ്ട്. ജറുസലേമിൽ എത്തുന്നതുവരെയുള്ള ജീവിതവും ജറുസലേമിൽ എത്തിക്കഴിഞ്ഞതിനു ശേഷമുള്ള ജീവിതവും. ആദ്യത്തേതിനെ അവർ നാച്വറൽ എന്നും. രണ്ടാമത്തേതിനെ സൂപ്പർ നാച്വറൽ എന്നും വിളിക്കുന്നു. അദ്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തു നാച്വറലാണ്. അദ്ഭുതങ്ങളെല്ലാം ഉപേക്ഷിച്ച് നിശബ്ദനായി, ദുർബലനായി, നിസ്സഹായനായി മരണത്തിന്റെ മുമ്പിൽ നിൽക്കുന്ന ക്രിസ്തു സൂപ്പർ നാച്വറലാണ്. എന്തുകൊണ്ടോ മനുഷ്യന്റെ കാഴ്ച ജറുസലേമിൽ എത്തുന്നതുവരെയുള്ള യേശുവിലാണ് പരമാവധി എത്തിനിൽക്കുക. അതിലൊരു സുഖമുണ്ട്, വിജയീഭാവമുണ്ട്. എന്നാൽ ദൈവത്തിന്റെ കാഴ്ച ജറുസലേമിലെത്തിക്കഴിഞ്ഞ ക്രിസ്തുവിലാണ്. അവിടെ സഹനമുണ്ട്, മരണമുണ്ട്, കോവിഡുണ്ട്. സത്യം പറയട്ടെ അങ്ങനെയുള്ള 'ക്രിസ്തു' കത്തോലിക്കാസഭയിലും കുറഞ്ഞു കൊണ്ടിരിക്കുന്നു. അതുകൊണ്ട് വളരുക; അന്ധന്റെ കാഴ്ചപ്പാടിലേക്ക്, ദൈവിക വെളിപാടുകളിലേക്ക്.